LIBRARY ARCHIVES Kerala Legislative Assembly

ആറ്റിങ്ങൽ ഗവൺമെന്റ് പോളിടെക്നിക്കിന് കളിസ്ഥലം നിർമ്മിക്കുന്നത് സംബന്ധിച്ച്

225 (5115) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ഗവൺമെന്റ് പോളിടെക്നിക്കിന് കളിസ്ഥലം പുനർനിർമ്മിക്കാൻ കൂടുതൽ തുക അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വിഷയത്തിൽ എന്തൊക്കെ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) എത്ര നാളിനകം ഇതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ - സി) 2007-2008-ൽ ഇതിന്റെ പുനരുദ്ധാരണത്തിനായി 3 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുക വിനിയോഗിച്ച് അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. നടപ്പുവർഷം ഇതിനായി കേരള സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ ബഡ്ജറ്റിൽ 3 ലക്ഷം രൂപ കൂടി വകയിരുത്തിയിട്ടുണ്ട്.

വെള്ളായണി വാട്ടർ സ്പോർട്ട്സ് അക്കാദമിയെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താൻ നടപടി

226 (5116) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളായണി വാട്ടർ സ്പോർട്ട്സ് അക്കാഡമിക്ക് എന്തെല്ലാം പുതിയ അടിസ്ഥാന സൗകര്യങ്ങളാണ് സർക്കാർ നൽകാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ;

(ബി) നിലവിൽ ഇവിടെയുള്ള പരിശീലന സൗകര്യങ്ങൾ എന്തെല്ലാമെന്നും എത്ര വിദ്യാർത്ഥികളും പരിശീലകരും ഉണ്ടെന്നും അറിയിക്കുമോ ;

(സി) പ്രസ്തുത അക്കാഡമിയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ -സി) വെള്ളായണി വാട്ടർ സ്പോർട്ട്സ് അക്കാഡമി നിലവിലില്ല. എന്നാൽ വെള്ളായണിയിൽ ഒരു സെൻട്രലൈസ്ഡ് സ്പോർട്ട്സ് ഹോസ്റ്റൽ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത ഹോസ്റ്റലിൽ റോവിംഗ്, കയാക്കിംഗ്, കനോയിംഗ് എന്നീ ഇനങ്ങളിൽ 20 കുട്ടികൾക്ക് പരിശീലനം നൽകുന്നുണ്ട്.